# Narrative Differences of Mental Discourse-A study on Adoor's Nalu Pennugal

**Vishnu Raj P**

*Assistant professor, Department of Malayalam, Sacred Heart College,Thevara*

*vishnurajp85@gmail.com,mob-9447900551*

**Article History**

Received: 10 March 2018

Received in revised form: 30 April 2018

Accepted: 15 May 2018

**KEY WORDS:**

Register, Cinema, cultural device, social relationship

**Regional Language (Malayalam)**

**Abstract**

Cinema is a cultural device. it aesthetically and technically depicts the relevant social situation thus helps to renovate the evolution of society. Adoor Gopalakrishnan ,one of the greatest directors in Indian cinema has been a key factor in bringing refined sensibilities in Indian cinema . This thesis is a study on his film Nallu Pennugal (2007). It is an attempt to read the film in a philosophical manner. The study focused on the mentality of the characters.

## മനോഭാവ നിർമ്മിതിയുടെ ആഖ്യാനഭേദങ്ങൾ–അടൂരിന്റെ നാലുപെണ്ണുങ്ങൾ എന്ന സിനിമയെ മുൻ നിർത്തിയുള്ള പഠനം

വിഷ്ണുരാജ്.പി.

**സംഗ്രഹം**

സിനിമ ഒരു സാംസ്കാരിക പ്രയോഗമാണ്. ഓരോ കാലഘട്ടത്തിന്റെയും സാമൂഹിക സാഹചര്യങ്ങളെയും സൗന്ദര്യാത്മകവും സാങ്കേതികവുമായ സമീപനങ്ങളെയും ഉൾക്കൊണ്ടാണ് ചലച്ചിത്രം അതിന്റെ ഭാവുകത്വപരിണാമങ്ങളെ നവീകരിച്ചുകൊണ്ടിരിക്കുന്നത്. മലയാള സിനിമയിൽ നവീനമായ ഭാവുകത്വത്തെ സൃഷ്ടിച്ച അടൂർ ഗോപാലകൃഷ്ണന്റെ നാലുപെണ്ണുങ്ങൾ(2007) എന്ന സിനിമയുടെ പഠനമാണ് പ്രബന്ധം. കഥാപാത്രങ്ങളുടെ പ്രതിനിധാനത്തെയും(representation) മനോനിലകളെയും മുൻനിർത്തിയുള്ള അന്വേഷണമാണിവിടെ നടത്തിയിരിക്കുന്നത്. സാംസ്കാരിക പഠനത്തിന്റെ രീതിശാസ്ത്രത്തെ യാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

**താക്കോൽ വാക്കുകൾ(Key Words)**

*രജിസ്റ്റർ(register): പതിയൽ എന്ന് മലയാളപരിഭാഷയിൽ അർത്ഥം കല്പിക്കാവുന്നതാണ്. മനസ്ഥിതി ഭാവി പരാമർശങ്ങൾക്ക് വേണ്ടി സജ്ജമാക്കപ്പെട്ടിരിക്കുന്നു എന്ന അർത്ഥത്തിലാണ് രജിസ്റ്റർ ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഏർപ്പെടുന്ന പ്രവൃത്തികൾക്ക് സാധൂകരണം കൊടുക്കുന്ന ആലേഖനങ്ങളാണിത്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

*മനസ്ഥിതി : സാമൂഹ്യശാസ്ത്ര പ്രസക്തിയുള്ള സങ്കല്പനമാണിത്. എഴുത്തുകാരന്റെ പേര് വെളിപ്പെടുത്താതെ പുറത്തിറങ്ങിയ **"ഒരു സാമൂഹിക കാഴ്ചപ്പാടിൽ"** എന്ന പുസ്തകത്തിൽ വിശദീകരിക്കുന്ന ഈ പ്രയോഗരീതിയെപ്പറ്റിയുള്ള ചർച്ചയാണിവിടെ ആശയപരമായി സ്വീകരിച്ചിരിക്കുന്നത്. സാമൂഹികജീവിതത്തെ ഒരു പ്രത്യേകരീതിയിൽ കാണാൻ നമ്മെ പ്രാപ്തരാക്കുന്ന കാഴ്ചപ്പാടുകളുടെയും സാമൂഹിക ബന്ധങ്ങളിൽ പ്രവേശിക്കുമ്പോൾ ഉള്ള മനോഭാവങ്ങളുടെയും പ്രവൃത്തികൾ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്ന ശേഷികളുടെയും ഒക്കെ ആന്തരികമായ പ്രതിനിധാനമാണ് മനസ്ഥിതി.

## ആമുഖം

സമൂഹത്തിന്റെ വ്യത്യസ്തനിലകളിലുള്ള സ്ത്രീ അനുഭവങ്ങളുടെ ആഖ്യാനമാണ് അടൂർഗോപാലകൃഷ്ണന്റെ നാലുപെണ്ണുങ്ങൾ(2007). ഒരു നിയമലംഘനത്തിന്റെ കഥ, കന്യക, ചിന്നുവമ്മ, നിത്യകന്യക എന്നീ നാല് തകഴിക്കഥകളെ ആധാരമാക്കിയാണ് സിനിമ നിർമ്മിച്ചിരിക്കുന്നത്. നാലുകഥാസന്ദർഭങ്ങളിലെയും പെൺകഥാപാത്രങ്ങൾ പരസ്പരം വ്യതിരിക്തത പുലർത്തുന്നു. കാലം, വർഗ്ഗം, സാമൂഹികഭൂമിക എന്നിവയാണവരെ വേർപെടുത്തുന്നത്. എന്നാൽ പ്രസ്തുത കഥാസൂചനകളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രമേയപരമായ അനുഭവസമഗ്രത ഏകമാണ്. അത് ലിംഗനീതിയെയും ലൈംഗികതയെയും സംബന്ധിച്ചുള്ളതാണ്. അതായത് ലിംഗരാഷ്ട്രീയത്തിന്റെയും ലൈംഗികതയുടെയും സങ്കീർണ്ണവ്യവഹാരങ്ങളെയാണ് നാലുപെണ്ണുങ്ങൾ എന്ന സിനിമ മുന്നോട്ടുവയ്ക്കുന്ന കേന്ദ്രപ്രശ്നം.

ആഗോളതലത്തിൽ ഇന്ന് നടക്കുന്ന വൈജ്ഞാനികവും ബൗദ്ധികവുമായ സംവാദങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്ന വിഷയങ്ങളാണ് ലൈംഗികത, ലിംഗസ്വത്വം തുടങ്ങിയവ. പുരുഷാധികാരത്തിന്റെ സാമൂഹ്യസ്വഭാവത്തെക്കുറിച്ചുള്ള നിരന്തരമായ അന്വേഷണങ്ങളും തിരിച്ചറിവുകളുമാണ് ലിംഗനീതിയെ സംബന്ധിച്ചുള്ള ആലോചനകളെ കൂടുതൽ ജാഗ്രമാക്കുന്നത്. സർഗാത്മക ആവിഷ്കാരോപാധികളുടെ വ്യാഖ്യാനദിശകളെ പെൺകാഴ്ചയിലൂടെ വിലയിരുത്തുവാനും വിമർശിക്കാനുമുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. സിനിമയുടെ ആഖ്യാനത്തിൽ ഈ പ്രശ്നത്തെ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ലിംഗവിവേചനമടക്കമുള്ള സാമൂഹികശ്രേണീകരണ വ്യവസ്ഥയുടെ പിന്നിലെ മനോനിലയുടെ താത്ത്വിക വിചാരമാണിവിടെ മുഖ്യമായും ഉദ്ദേശിക്കുന്നത്.

## ആഖ്യാനത്തിന്റെ രാഷ്ട്രീയം

നാല് കഥകളെ കോർത്തിണക്കിക്കൊണ്ടാണ് ചിത്രത്തിന്റെ ആഖ്യാനഘടന. ആണാധിപത്യതാല്പര്യങ്ങളും, അതിജീവനവിരുദ്ധമായ സ്ത്രീയവസ്ഥകളും ഓരോ കഥാസന്ദർഭത്തിലും സന്നിഹിതമായിട്ടുണ്ട്. സിനിമയിലെ പുരുഷനിലകൾ സാമൂഹ്യവ്യവസ്ഥയ്ക്ക് അനുഗുണമായ രീതിയിൽ സ്ത്രീയെ ഒരുക്കിയെടുത്തു കൊണ്ടാണിവിടെ പ്രവർത്തിക്കുന്നത്.

ഒരു നിയമലംഘനത്തിന്റെ കഥയിൽ നീതിന്യായവ്യവസ്ഥയുടെ രൂപത്തിലാണ് പുരുഷാധികാരം പെണ്ണിനും കീഴാളതയ്ക്കും എതിർസ്ഥാനത്ത് നിലയുറപ്പിക്കുന്നത്. കന്യകയിൽ പുരുഷകോയ്മ രണ്ട് തരത്തിൽ പ്രവർത്തിക്കുന്നു. കുമാരിയെന്ന കഥാപാത്രത്തിന്റെ ലൈംഗികതയെ അവഗണിച്ചുകൊണ്ട് സ്വന്തം താല്പര്യങ്ങൾക്ക്(ഭക്ഷണം, കച്ചവടം, സിനിമ) മുൻതൂക്കം നൽകുന്ന ഭർത്താവിന്റെ രൂപത്തിലും, കുമാരിയുടെ അദ്ധ്വാനം ആവശ്യപ്പെടുന്ന കുടുംബത്തിന്റെ താല്പര്യത്തിലുമാണവ. ചിന്നുവമ്മയെന്ന ശീർഷകത്തിലുള്ള മൂന്നാം ഭാഗത്തിൽ ലൈംഗികതയെ സംബന്ധിച്ചുള്ള സാമൂഹിക സദാചാരബോധത്തിന്റെ പ്രതിനിധാനമായി ചിന്നുവമ്മയെന്ന വീട്ടമ്മയെ അവതരിപ്പിക്കുന്നു. ഭർത്താവായ രാമൻപിള്ള സ്വന്തം ലൈംഗികശേഷിക്കുറവിനെ ചിന്നുവമ്മയിൽ ആരോപിക്കുന്ന സന്ദർഭവും ഈ ഭാഗത്ത് പ്രസക്തമാണ്. അവസാന ഖണ്ഡമായ നിത്യകന്യകയിൽ സമൂഹത്തിൽ ഒറ്റപ്പെടുന്ന സ്ത്രീ അനുഭവിക്കുന്ന സ്വത്വസംഘർഷങ്ങൾ പല നിലകളിൽ വിശദമാക്കുന്നു. ഈ നാലു കഥാസന്ദർഭങ്ങളിലെയും പുരുഷപ്രതിനിധികൾ ഷണ്ഡൻമാരോ, സ്ത്രൈണാഭിമുഖ്യമുള്ളവരോ, ദുർബലരോ, ശരീരമാത്രമായി സ്ത്രീയെ പരിഗണിക്കുന്നവരോ ആണ്. അതായത്, സ്ത്രീക്ക് അപരമായി നിൽക്കുന്ന ശരീരമാത്രമായ പുരുഷൻ അല്ല യഥാർത്ഥപ്രശ്നം. മറിച്ച് ആധിപത്യപരമായ വ്യവസ്ഥിതിയാണ് സ്ത്രീകളെ ഇരകളാക്കി മാറ്റുന്നത്. വ്യവസ്ഥിതി അധികാരവുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നതും. സാമൂഹികഘടനയെ നിർണ്ണയിക്കുന്നതിൽ സമൂഹത്തിന്റേയും വ്യക്തിയുടെ മനോനില പ്രധാനമാണ്. സമൂഹം അനുവർത്തിച്ചുപോരുന്ന അധികാരവിധേയസ്വഭാവങ്ങളും ശീലങ്ങളും, മര്യാദക്രമങ്ങളുമൊക്കെ സൃഷ്ടിച്ചെടുത്തതിനു പിന്നിലുള്ള തത്ത്വം മനോനിലയിൽ അധിഷ്ഠിതമാണ്. അഥവാ മനസ്ഥിതിപരമാണ്. ഈ സാമൂഹികസാഹചര്യത്തെ രൂപപ്പെടുത്തിയെടുക്കുന്നത് കാലാകാലങ്ങളായി അനുവർത്തിക്കുന്ന വ്യവസ്ഥിതിയുടെ ഭാഗമായാണ്.

**മനസ്ഥിതി–പരികല്പനാവിശദീകരണം**

മനുഷ്യന്റെ സാമൂഹികാസ്തിത്വത്തെ സംബന്ധിച്ചിടത്തോളം ഭാഷണം, ചിന്തനം, യുക്തിപ്രക്രിയ, ഭാവന, പെരുമാറ്റരീതികൾ എന്നിവയെ സാധ്യമാക്കുന്ന തത്ത്വങ്ങളെ ഉൾക്കൊള്ളുന്ന പരികല്പനയായിട്ടാണ് മനസ്ഥിതി(mentality) യെന്ന പ്രയോഗത്തെ ഇവിടെ പരിഗണിക്കുന്നത്. അവ്യക്തവും സങ്കീർണ്ണവുമായ ശക്തിബന്ധങ്ങളെ ആസ്പദമാക്കി പ്രയുക്തമാക്കുന്നതാണ് മനസ്ഥിതി. യുക്തിപരമായ പരിഗണനകൾക്കുപരിയായി മനസ്ഥിതി പ്രവർത്തിക്കുന്നു. മനസ്ഥിതിയെ മനോഭാവമായിട്ടല്ല ഗ്രഹിക്കേണ്ടത്. മറിച്ച് മനുഷ്യശരീരങ്ങളെയും അവയുടെ സ്ഥലകാലവിതരണത്തെയും പ്രവർത്തികളെയും ബന്ധങ്ങളെയും ഉപകരണങ്ങളെയും അവലംബിച്ച്, മാധ്യമമാക്കി പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹികാസ്തിത്വത്തെ സാധ്യമാക്കുന്ന ഘടനാതത്ത്വങ്ങളായിട്ടാണ് ഒരു സാമൂഹികകാഴ്ചപ്പാടിൽ എന്ന പുസ്തകത്തിൽ (2012:94) മനസ്ഥിതിയെ വിശദീകരിക്കുന്നു. നിരന്തരം പരിണാമോന്മുഖമായി വർത്തിക്കുന്ന ബോധത്തിന്റെ/നില്പുസ്ഥാനത്തിന്റെ തുറന്ന സാധ്യത മനസ്ഥിതിയിൽ കാണാവുന്നതാണ്. വ്യവസ്ഥയ്ക്ക് പുറത്ത് കടന്നാലെ അത് വ്യക്തമാകുകയുള്ളു.

ഭരണസംബന്ധമായ രേഖകൾ, നിയമനിർമ്മാണ നടപടി ക്രമങ്ങൾ, കോടതി വിധികൾ, വിധികൾക്കാധാരമായ മുൻവിധികൾ, വിദ്യാഭ്യാസസാധനങ്ങൾ, അച്ചടി ഇലക്ട്രോണിക് മാധ്യമങ്ങളുടെ രൂപവും ഉള്ളടക്കവും, ഫോട്ടോഗ്രാഫി, വേഷത്തിലെ ഫാഷൻ, വാസ്തുവിദ്യ, പാചകം, തീറ്റശീലങ്ങൾ, ഉപഭോഗരീതികൾ, പരസ്യങ്ങൾ, ചിത്രകല, സാഹിത്യം, സിനിമ, പ്രകടനകലാരൂപങ്ങൾ, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, തെരഞ്ഞെടുപ്പ് വിജ്ഞാപനങ്ങൾ, ബാന്ധവം, വ്യത്യസ്തസ്ഥാപനങ്ങളുടെ അകമ്പടിയായി വരുന്ന വാക്‌വിനിമയങ്ങൾ ഇവയെല്ലാം മനസ്ഥിതിയുടെ വ്യത്യസ്ത ശൈലീരൂപങ്ങളായി കണക്കാക്കാം(2012:95). സങ്കീർണ്ണവും പരിണാമോന്മുഖവുമായ ശക്തിബന്ധങ്ങളെ ആസ്പദമാക്കി പ്രയുക്തമാകുന്നതാണ് മനസ്ഥിതിയെന്നർത്ഥം.

ലൈംഗികത അന്തർധാരയായി വർത്തിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളെ നേരിടേണ്ടിവരുന്ന നാല് പെണ്ണുങ്ങളുടെ സ്വത്വസംഘർഷങ്ങളാണ് ആത്യന്തികമായി സിനിമയുടെ പാഠം. ഈ കേന്ദ്രപ്രമേയത്തെ ആശയത്തിന്റെ ചരിത്രഭാഗമെന്നതിലുപരിയായി മനസ്ഥിതിയുടെ ഭാഗമായിട്ടാണ് പരിഗണിക്കുന്നത്. അതായത് സ്വത്വസംത്രാസങ്ങളുടെ സ്രോതസ്സ് മനസ്ഥിതിയാണ്. സമൂഹത്തിന്റെ ഘടനാപരമായ വിതരണസംവിധാനങ്ങളാണ് ഇതിനെ വെളിപ്പെടുത്തുന്നത്. സിനിമയിലെ കേന്ദ്രബിന്ദുക്കളായ സ്ത്രീകഥാപാത്രങ്ങളുടെ സ്വത്വരൂപീകരണത്തിന് നിദാനം സമൂഹമാണ്. അവരുടെ സ്വത്വസംഘർഷത്തെ ഊർജ്ജകരമാക്കുന്നത് നിയുക്ത സാമൂഹികവഴക്കങ്ങളെ പരിപാലിക്കുന്നതും പുതുക്കിയെടുക്കുന്നതുമായ മനസ്ഥിതി തന്നെയാണ്. പരിണാമോന്മുഖമായ പടുതികളിലേക്ക് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന പൂർവ്വരേഖനങ്ങളുടെ(Register)സ്വഭാവത്തിലാണ് അത് ഉണ്ടാക്കുന്നത്. നിലവിലിരിക്കുന്ന സാമൂഹികസമ്പ്രദായങ്ങളുടെയും, വേർതിരിവുകളുടെയും, വകഞ്ഞുമാറ്റലുകളുടെയും പിന്നിൽ പ്രവർത്തിക്കുന്നതും രജിസ്റ്റർ ചെയ്യപ്പെട്ട ഈ ആശയസംഹിതകൾ തന്നെയാണ്. കാലാകാലങ്ങളായി അനുവർത്തിച്ചുപോരുന്ന സാമൂഹികതത്ത്വങ്ങളുടെ പിൻതുടർച്ചയാണിത് സൂചിപ്പിക്കുന്നത്. പാരമ്പര്യാഭിമുഖ്യമായ മനസ്ഥിതിയാണിത്. പറ്റമായി സിനിമയിൽ നിലകൊള്ളുന്ന പാത്രസംഘങ്ങളുടെ വിശകലനത്തിലൂടെ ഇത് കൂടുതൽ വ്യക്തമാകുന്നു. കേന്ദ്രകഥാപാത്രങ്ങളായ സ്ത്രീകളുടെയും യഥാക്രമം അവർക്കഭിമുഖമായി വർത്തിക്കുന്ന പുരുഷപ്രതിനിധാനങ്ങളും സിനിമയിൽ പ്രസക്തമാണ്. അത് സമൂഹത്തിന്റെ മനസ്ഥിതിപരമായ പ്രശ്നത്തെ പ്രതിലോമകരമായി നിലനിർത്തുന്ന സംഘങ്ങളാണ്. വ്യക്തിയുടെ മുഖമല്ല. സമൂഹത്തിന്റെ പരിച്ഛേദമാണവർക്കുള്ളത്. ഒറ്റകളുടെ അപരമായി നിലകൊണ്ട് സാമൂഹികസ്ഥിതികളെ പാരമ്പര്യമനസ്ഥിതിയിൽ തളച്ചിടുന്നത് ഈ കൂട്ടമായി പ്രവർത്തിക്കുന്നവരാണ്.

ആദ്യകഥയിൽ കോടതി വ്യവഹാരത്തിന്റെ രൂപത്തിൽ സംഘചേതന പ്രവർത്തിക്കുമ്പോൾ രണ്ടാമത്തെ ആഖ്യാനസന്ദർഭത്തിൽ നാടുവഴിയിലെയും വീട്ടകങ്ങളിലെയും അടക്കം പറച്ചിലുകളിലൂടെയാണിത് പ്രവർത്തിക്കുന്നത്. ചിന്നുവമ്മയിലും നിത്യകന്യകയെന്ന കഥയിലും വീട്ടിനുള്ളിൽ തന്നെ പൊന്തിവരുന്ന അഭിപ്രായങ്ങളിലും, തീർപ്പുകളിലും, നിയമാവലി കളിലുമൊക്കെ കൂടിയാണിത് വെളിപ്പെടുന്നത്. പാരമ്പര്യമനസ്ഥിതിയെ നിലനിർത്തുന്നതിലൂടെ സാമൂഹിക മുറകൾക്ക് കോട്ടം വരാതെ സംരക്ഷിച്ചു പോരുകയാണിവിടെ. പാരമ്പര്യ മനസ്ഥിതിയിൽ കാര്യങ്ങൾ ചെയ്യുന്നതിന്റെ ഒരേയൊരു നീതികരണം മുൻപ് അങ്ങനെതന്നെയാണ് കാര്യങ്ങൾ ചെയ്തിരുന്നത് എന്നത് മാത്രമാണ്(2012:97). വ്യവസ്ഥയ്ക്ക് പുറത്തേയ്ക്ക് ഉള്ള തുറവികൾ ആണ് മനസ്ഥിതിപരമായ കാര്യങ്ങളുടെ അഴിച്ചെടുക്കലിലൂടെ

സാധ്യമാക്കേണ്ടത്. സ്ഥാപനവത്കൃതമായ ആശയസംഹിതകളുടെ പൂർവ്വാലേഖന കർമ്മങ്ങളിലൂടെ പാരമ്പര്യാഭിമുഖ്യമായ മനസ്ഥിതികളാണ് ഉറപ്പിക്കപ്പെടുന്നത് എന്നതാണ് ഈ സിനിമയുടെ താത്ത്വികപാഠം. ചലച്ചിത്രാഖ്യാനത്തിൽ വിവാഹം, ലൈംഗികത, കുടുംബം എന്നീ സ്ഥാപനങ്ങളുടെ നേടലുകളാണ് പെണ്ണിന്റെ ആത്യന്തികലക്ഷ്യസ്ഥാനമെന്ന് കൃത്യമായി പറഞ്ഞുവയ്ക്കുന്നുണ്ട്. സ്ത്രീസ്വത്വത്തെ സിനിമയിൽ സാമൂഹികതത്ത്വത്തിന്റെ സ്ഥിതികൾക്ക് പൂരകമാക്കിയെടുക്കുവാൻ സമൂഹം/പുരുഷൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ് എന്ന സാംസ്കാരിക രാഷ്ട്രീയത്തെ നാലുപെണ്ണുങ്ങൾ എന്ന സിനിമ ആഴത്തിൽ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

**ആധാരഗ്രന്ഥങ്ങൾ**

1. സാമൂഹിക കാഴ്ചപ്പാടിൽ നിന്ന്, 2012, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്, കോഴിക്കോട്.
2. വിജയകൃഷ്ണൻ, 2004, മലയാള സിനിമയുടെ കഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## BIBLIOGRAPHY

1. Vijaykrishnan (2004). *malayalacinimayude kadha*. Kozhikode: mathrubhoomi books.

2. Oru Samoohoka Kazchappadil ninnu (2012). ,Kozhikode: Institute for Social and Ecological Studies.